**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5648** **13-08-2021 - ൽ മറുപടിയ്ക്ക്**

**രാമൻകുളം വാട്ടർ സപ്ലൈ സ്കീം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് വേണ്ടി എം.എൽ.എ ആസ്തി വികസന നിധിയിൽ നിന്നും ഫണ്ട് അനുവദിച്ച് നിർമ്മാണം ആരംഭിച്ച പദ്ധതിയായ രാമൻകുളം വാട്ടർ സപ്ലൈ സ്കീമിന്റെ നിർമ്മാണം അനന്തമായി നീണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി അടിയന്തരമായി പൂർത്തയാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ ; | (ബി) | എടത്തിരുത്തി ഗ്രാമപഞ്ചായത്തിലെ രാമൻകുളം വാട്ടർ സപ്ലൈസ്കീമിന് 11/09/2018 ൽ 72 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകി 24.07.2019 നാണ് ദർഘാസ് ക്ഷണിച്ച കരാറുകാരന് പ്രവൃത്തി നൽകിയത്. 25/02/2020 ൽ കരാറിന്റെ കാലാവധി അവസാനിച്ചിരുന്നു. എന്നാൽ 22.01.2021 ൽ മാത്രമാണ് പ്രസ്തുത പ്രവൃത്തിക്കായുള്ള സ്ഥലം പഞ്ചായത്ത് വാട്ടർ അതോറിറ്റിക്ക് കൈമാറിയിട്ടുള്ളത്. സമയപരിധി കഴിഞ്ഞതിനാൽ പലതവണ ആവശ്യപ്പെട്ടിട്ടും കരാറുകാരൻ പണി തുടങ്ങാത്ത സാഹചര്യത്തിൽ ടി വിഷയത്തിൽ കരാറുകാരനുമായി ചർച്ച ചെയ്ത് പണികൾ തീർക്കാനായി തീരുമാനിച്ചിട്ടുണ്ട്. അല്ലാത്ത പക്ഷം പുതിയ ടെൻഡർ വിളിച്ചു പ്രവൃത്തി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചെയ്തു വരുന്നു. |
| (സി) | നിർമ്മാണം ഏറ്റെടുത്ത് പാതിവഴിയിൽ ഉപേക്ഷിച്ചു പോകുന്ന ഇത്തരം പദ്ധതികളുടെ കരാറുകാർക്കെതിരെ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ? | (സി) | പ്രസ്തുത പദ്ധതിയുടെ കരാർ കാലാവധി 25/02/2020 ൽ അവസാനിച്ചതിനു ശേഷം 22/01/2021 ൽ മാത്രമാണ് പദ്ധതിക്കുള്ള സ്ഥലം പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് കൈമാറിയത്. പ്രവൃത്തി നടക്കാതെ പോയത് കരാറുകാരന്റെ കാരണത്താൽ അല്ലാത്തതിനാൽ നടപടികൾ സ്വീകരിച്ചിട്ടില്ല . കരാർ കാലാവധിക്കുള്ളിൽ പണികൾ ഉപേക്ഷിച്ച് പോകുന്ന കരാറുകാരെ കരിമ്പട്ടികയിൽപ്പെടുത്തുകയും ടി ജോലികൾ റിസ്ക് |

| | | | |
|---|---|---|---|
| | | | & കോസ്റ്റിൽ പുനഃക്രമീകരണം നടത്തുകയും ചെയ്യാറുണ്ട് . |

സെക്ഷൻ ഓഫീസർ